


തിരുവനന്തപുരത്ത് കാര്യവട്ടം എൽഎൻസിപിഇയിൽ നടന്ന കേന്ദ്രീയ വിദ്യാലയ വനിതാ ദേശീയ കായികമേളയിൽ രണ്ടാം സ്ഥാനം നേടിയ എറണാകുളം മേഖല ടീം ട്രോഫിയുമായി.

# കെവിഎസ് വനിത നാഷനൽ സ്പോർട്സ് മീറ്റ് സമാപിച്ചു

കഴക്കൂട്ടം● കാര്യവട്ടം എൽഎൻസിപിഇയിൽ നടന്ന കെവിഎസ് വനിതാ നാഷനൽ സ്പോർട്സ് മീറ്റ് സമാപിക്കുമ്പോൾ 74 പോയിന്റുകൾ നേടിയ ചെന്നൈ റീജൻ ഓവറോൾ ജേതാക്കളായി. 40 പോയിന്റുമായി എറണാകുളം റീജൻ ഫസ്റ്റ് റണ്ണർ അപ്പും 24 പോയിന്റുമായി ജയ്പുർ മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കെവിഎസ് ദേശീയ കായികമേള സംഘാടക സമിതി സെക്രട്ടറി ബിനു അശോകൻ ചാംപ്യന്മാരെ പ്രഖ്യാപിച്ചു. കെവിഎസ്ആർഒ അസിസ്റ്റന്റ് കമ്മിഷണർ പാട്ടീൽ രമേഷ് അഭിമന്യു സമാപന പരിപാടി ഉദ്ഘാടനം ചെയ്തു.

കെവി പ്രിൻസിപ്പൽമാരായ ഗിരി ശങ്കരൻ തമ്പി, ജി. കുമാര മോഹൻ, കെ. രാകേഷ്, സി. രാജി, പ്രിൻസിപ്പൽ, പ്രീതി മിശ്ര, അത്‌ലറ്റിക് അസോസിയേഷൻ സെക്രട്ടറി രാമചന്ദ്രൻ, ഫിസിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ഡോ രാജേഷ്, മോഹൻ, എസ്. ഷൈല തുടങ്ങിയവർ പ്രസംഗിച്ചു.